**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

07.03.2017 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2152

## ചെങ്ങന്നൂർ മണ്ഡലത്തിലെ ആലാ പി.എച്ച്.സി.

| | ചോദ്യം<br>ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പി.എച്ച്.സി.കൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാക്കുന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചുവോ എന്ന് വിശദീകരിക്കുമോ; | (എ) | സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതല്ല മറിച്ച് ജില്ല/താലൂക്ക്/ബ്ലോക്ക്/ പഞ്ചായത്ത്തല മാനദണ്ഡത്തോടുകൂടി സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ഗവൺമെന്റ് മുൻതൂക്കം നൽകുന്നത്. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ വിവിധ വികസന ബ്ലോക്കുകൾ/അസംബ്ലി മണ്ഡലങ്ങൾ ഉൾക്കൊള്ളുന്നരീതിയിൽ 170 പി.എച്ച്.സികളെ ഇതിനായി തെരെഞ്ഞെടുത്തിട്ടുണ്ട്.<br>ആർദ്രം പ്രൊപ്പസലിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റാനുള്ള പി.എച്ച്.സികളിൽ ആലാ പി.എച്ച്.സി യും ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ആലാ പി.എച്ച്.സി., കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കാനുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ പോലും ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | |
| (സി) | പ്രസ്തുത പി.എച്ച്.സി. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കാനുള്ള പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | |

സെക്ഷൻ ഓഫീസർ